# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1625 | 07.03.2018 ൽ മറുപടിക്ക്

### കേരളത്തിലെ ഭിക്ഷാടന മാഫിയ

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും പിഞ്ചുകുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി അംഗവൈകല്യം വരുത്തി, ഇപ്രകാരമുള്ള കുഞ്ഞുങ്ങളെ ഉപയോഗപ്പെടുത്തി കേരളത്തിൽ അങ്ങോളമിങ്ങോളം ഭിക്ഷാടനം നടത്തുന്ന ആൾക്കാരെ അമർച്ച ചെയ്യാനും ഇതിന് പുറകിൽ പ്രവർത്തിക്കുന്ന വൻമാഫിയകളെ ഉന്മൂലനം ചെയ്യുവാനും പോലീസ് സേനയിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എ) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും പിഞ്ചു കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടു പോയി അംഗവൈകല്യം വരുത്തി, അവരെ ഉപയോഗപ്പെടുത്തി കേരളത്തിൽ അങ്ങോളമിങ്ങോളം ഭിക്ഷാടനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭിക്ഷാടകരുടെ പക്കലുള്ള ചെറുതും വലുതുമായ കുഞ്ഞുങ്ങളെയും ഇവരോടൊപ്പമുള്ള മുതിർന്നവരെയും പിടികൂടി ഫലപ്രദമായ ടെസ്റ്റുകൾക്ക് വിധേയരാക്കി, ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നവർ കുഞ്ഞുങ്ങളുടെ യഥാർഥ മാതാപിതാക്കൾ തന്നെയാണോ എന്ന് കണ്ടുപിടിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ബി) പരാതികൾ ലഭിക്കുന്ന കേസുകളിൽ കുട്ടികളുടേയും ഇവരോടൊപ്പമുള്ള മുതിർന്നവരുടേയും യഥാർത്ഥ മാതാപിതാക്കളെ കണ്ടെത്തുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി മാത്രമേ നടപടി സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ.

(സി) വിവിധതരത്തിലുള്ള ഭിക്ഷാടനമാഫിയകളെ ചെറുക്കാൻ കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഉപദേശവും ഇവരെ പോലീസിൽ ഏല്പിക്കാൻ പറ്റുന്ന തരത്തിലുള്ള മാർഗ്ഗങ്ങളും പകർന്ന് കൊടുക്കാൻ നടപടി സ്വീകരിയ്ക്കുമോ?

(സി) സംസ്ഥാനത്ത് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഭവന സന്ദർശന സമയത്തും ജനങ്ങൾക്കൊപ്പമുള്ള വിവിധ സമ്മേളനങ്ങളിലും കൂടിക്കാഴ്ചകളിലും പൊതുജനങ്ങളോട് ഭിക്ഷാടനം പ്രോത്സാഹിപ്പിക്കരുത് എന്ന നിർദ്ദേശം നൽകിവരുന്നതുമാണ്.

സെക്ഷൻ ഓഫീസർ.